LIBRARY ARCHIVES Kerala Legislative Assembly

ബേപ്പൂർ-ചെറുവണ്ണൂർ റോഡിന്റെ നവീകരണ പ്രവർത്തനം

82 [698] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ-ചെറുവണ്ണൂർ റോഡിന്റെ നവീകരണ പ്രവർത്തനം നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(സി) ഈ പ്രവൃത്തിക്കായി എന്തു തുക വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) ആവശ്യമായ തുക അടിയന്തിരമായി അനുവദിച്ച് പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) റോഡിന്റെ നിർമ്മാണത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി—ഡി) ആവശ്യമായ സ്ഥലം ഏറ്റെടുത്ത് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതിനാൽ കൃത്യമായി പണി എന്നു പൂർത്തിയാക്കാം, എത്ര തുക ഇതിനായി വേണ്ടിവരും എന്നുള്ള വസ്തുതകൾ ഇപ്പോൾ പറയാൻ നിർവ്വാഹമില്ല.

തളിപ്പറമ്പ്-ഇരിട്ടി റോഡിന്റെ നിർമ്മാണം

83 [699] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്കിന്റെ സഹായത്തോടെ 2004-2005-ൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) തളിപ്പറമ്പ്-ഇരിട്ടി റോഡിന്റെ പ്രവൃത്തിക്ക് ആകെ എത്ര തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) തളിപ്പറമ്പ്-ഇരിട്ടി റോഡിലെ അവശേഷിക്കുന്ന പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പ്രവൃത്തികളുടെ വിശദാംശങ്ങൾ എന്തെല്ലാമാണെന്നും ഇതിന്റെ എസ്റ്റിമേറ്റ് തുക എത്രയാണെന്നും വെളിവാക്കുമോ?

ഉത്തരം

(എ) രണ്ടാംഘട്ട അപ്ഗ്രഡേഷൻ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 324 കി. മീറ്റർ റോഡുകളുടേയും മൂന്നാംവർഷ മെയിന്റനൻസ് വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 306 കി. മീറ്റർ റോഡുകളുടേയും വികസന പ്രവർത്തനങ്ങൾ.

(ബി) 13.65 കോടി രൂപ.

(സി) 2004-2005-ൽ രണ്ടാംഘട്ട അപ്ഗ്രഡേഷൻ പണികളോടൊപ്പം ആരംഭിക്കുന്നതാണ്.

(ഡി) 13.82 കോടി രൂപ ചെലവു വരുന്ന ഈ പദ്ധതിയിൽ നിലവിലുള്ള റോഡ് വീതികൂട്ടി പുതുക്കിപ്പണിയുന്നതോടൊപ്പം രണ്ടു വശത്തും ഓടകൾ, നടപ്പാത, സ്ട്രീറ്റ് ലൈറ്റിംഗ്, പാലങ്ങളുടെയും കലുങ്കുകളുടെയും പുനർനിർമ്മാണം, ജംഗ്ഷൻ വികസനം എന്നിവയും ചെയ്യുന്നതാണ്.

വെഞ്ഞാറമൂട്ടിൽ നിന്നും കഴക്കൂട്ടം വരെ റോഡ് വികസന പദ്ധതി

84 [700] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.സി. റോഡിൽ വെഞ്ഞാറമൂട്ടിൽ നിന്നും കഴക്കൂട്ടം വരെയുള്ള റോഡ് വികസന പദ്ധതി ലോകബാങ്കിന്റെ സഹായത്തോടെയാണോ നടപ്പിലാക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ റോഡ് വികസന പദ്ധതിക്ക് എത്ര തുക അനുവദിച്ചിട്ടുണ്ട്;

(സി) വെഞ്ഞാറമൂട് മുതൽ കഴക്കൂട്ടം വരെ എത്ര ഏക്കർ സ്ഥലം ഇതിനായി അക്വയർ ചെയ്യും;

(ഡി) ഇതിലേക്ക് എന്തു തുക വകയിരുത്തിയിട്ടുണ്ട്;

(ഇ) ഈ സ്ഥലമെടുപ്പ് എന്നത്തേയ്ക്ക് പൂർത്തിയാകും എന്നറിയിക്കാമോ?

ഉത്തരം

(എ) അതെ.

(ബി) 22 കോടി രൂപ.

(സി) 6.8136 ഹെക്ടർ.

(ഡി) ഈ പദ്ധതിക്കായി നീക്കിവച്ചിട്ടുള്ള തുകയിൽ സ്ഥലം അക്വയർ ചെയ്യുന്നതിനാവശ്യമായ തുകയും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഇ) സെപ്റ്റംബർ 2004-ൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly